# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1251 03.12.2018 ൽ മറുപടിക്ക്

### ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വഞ്ചിയൂരിലുള്ള പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി ആസ്തി വികസന സ്കീമിൽനിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും 17.02.2016-ന് ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിട്ടും പൊതുമരാമത്ത് (കെട്ടിട വിഭാഗം) യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) & (ബി) ഭരണാനുമതി ലഭിച്ചതിനു ശേഷം മണ്ണ് പരിശോധന നടത്തുന്നതിനായി ഭാഗിക സാങ്കേതിക അനുമതി നൽകി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി വിശദമായ മണ്ണ് പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ഘട്ടത്തിൽ ഒരു നില മാത്രമുള്ള ഒരു കെട്ടിടമാണ് ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല അധികൃതർ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ മണ്ണ് പരിശോധിക്കുന്ന സമയത്തു ഈ സ്ഥലത്ത് 3 നിലകളുള്ള ബഹുനില മന്ദിരം നിർമ്മിക്കാനുള്ള ഫൗണ്ടേഷനോട് കൂടിയുള്ള പദ്ധതിയാണ് നടപ്പാക്കേണ്ടത് എന്ന് സർവ്വകലാശാല അധികൃതർ അറിയിച്ചു. വ്യക്തതയില്ലാത്ത പ്ലാനും സ്ട്രക്ചറൽ ഡ്രോയിംഗും സാധാരണ ഐസൊലേറ്റഡ് ഫൂട്ടിംഗ് ഫൗണ്ടേഷനും ഉൾപ്പെടെ 41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് യൂണിവേഴ്സിറ്റി അധികൃതർ ലഭ്യമാക്കിയത്. 3 നില കെട്ടിടത്തിന് പൈൽ ഫൗണ്ടേഷനോട് കൂടി കെട്ടിടനിർമ്മാണം നടത്തുന്നതിന് ഇപ്പോൾ ലഭ്യമായിരിക്കുന്ന 30 ലക്ഷം രൂപ തികയില്ല. എന്നാൽ പിന്നീട് ഒരു നില മാത്രം ചെയ്താൽ മതിയെന്നറിയാൻ കഴിഞ്ഞതിനാൽ വ്യക്തമായ ഫങ്ഷണൽ റിക്വയർമെന്റ്സ് ഉൾപ്പെടെ പദ്ധതി സമർപ്പിക്കുവാൻ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ